LIBRARY ARCHIVES Kerala Legislative Assembly

## മലയോര വികസനം

51 (1425) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മലയോര വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, സി.സി.പി.ആർ.എം., മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും, നടപ്പാതകളുടെയും, നിർമ്മാണം, നീരുറവകളേയും കിണറുകളെയും അടിസ്ഥാനമാക്കിയുള്ള ആവാസ കേന്ദ്രാധിഷ്ഠിതമായ കുടിവെള്ള പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, അരുവികളിലും തോടുകളിലും തടയണകൾ നിർമ്മിക്കൽ, മണ്ണ് സംരക്ഷണ പ്രവർത്തികൾ, പ്രത്യേക കാർഷിക വികസന പദ്ധതികൾ, അതിജീവന സുരക്ഷിതത്വം ഉറപ്പാക്കാനുള്ള സ്വയം തൊഴിൽ പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(സി) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയോര വികസന ഏജൻസിയുടെ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ സെക്രട്ടറി, കൃഷി ഓഫീസർ, ഫിനാൻസ് മാനേജർ എന്നിവർ വിവിധ വകുപ്പുകളിൽനിന്ന് അന്യത്ര സേവനത്തിനായും ബാക്കി ക്ലറിക്കൽ ജോലികൾക്കായി കോൺട്രാക്ട് അടിസ്ഥാനത്തിൽ മൂന്ന് പേരെയും, അറ്റൻഡർ തസ്തികയിൽ ഒരാളെ ദിവസവേതനാടിസ്ഥാനത്തിലുമാണ് നിയോഗിച്ചിരിക്കുന്നത്.